
# CONCORDIA LUTHERAN HIGHER SECONDARY SCHOOL

**PEROORKADA**




# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025–26

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി വർഷം

പൊതുവിദ്യാഭ്യാസ വകുപ്പ്

# ആമുഖം

## വിദ്യാലയ ചരിത്രം

ഇന്ത്യാ ഇവാൻജലിക്കൽ ലൂഥറൻ ചർച്ച് തിരുവനന്തപുരം സിനഡിന്റെ കീഴിലുള്ള 23 സ്കൂളുകളിൽ ഒന്നാണ് കൺകോർഡിയ ലൂഥറൻ ഹയർ സെക്കണ്ടറി സ്കൂൾ. 27-1-1928 ൽ ലൂഥറൻ ക്രിസ്ത്യൻ മിഷണറിമാരാൽ സ്ഥാപിതമായ ഈ സ്കൂൾ 1931-ൽ ഹൈസ്ക്കൂളായും, 1991 ൽ ഹയർ സെക്കണ്ടറിയായും ഉയർത്തപ്പെട്ടു. 8-ാം ക്ലാസ് മുതൽ +2 വരെ പ്രവർത്തിക്കുന്ന ഈ സ്കൂളിന്റെ ഇപ്പോഴത്തെ മാനേജർ ഡോ. കെ.പി. ലാലാദാസും, ലോക്കൽ മാനേജർ റവ. കെ.സത്യദാസും ആണ്. നാളിതുവരെ നിരവധി അഭ്യസ്തവിദ്യരെ വിദ്യയുടെ വിശ്വവിഹായസിലേക്ക് കൈപിടിച്ചുയർത്തിയ ഈ സ്കൂൾ അന്നും എന്നും ഈ നാടിന്റെ പുരോഗതിയുടെ നാഴികക്കല്ലായി നിലകൊള്ളുന്നു.

## സ്കൂളിനെ കുറിച്ചുള്ള പ്രാഥമിക വിവരങ്ങൾ

ഇപ്പോൾ സ്കൂളിലെ പ്രഥമാധ്യാപിക ശ്രീമതി. ഡെല്ല ജെ. ദാസ് ആണ്. എട്ട് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ ആകെ 108 കുട്ടികൾ പഠിക്കുന്നു. ഏഴ് അധ്യാപകരും, നാല് അനധ്യാപകരും സേവനമനുഷ്ഠിക്കുന്നു. ഈ വർഷം എട്ടാം ക്ലാസിൽ കുട്ടികളുടെ എണ്ണം കൂടുകയും, ഒരു ഡിവിഷൻ കൂടി ലഭിക്കുകയും ചെയ്തു.

സ്കൂളിന്റെ പ്രവർത്തന സമയം രാവിലെ 9.15 മുതൽ വൈകുന്നേരം 3.45 വരെയാണ്. രണ്ട് മാധ്യമങ്ങളിലായി 6 ഡിവിഷനും, 6 ക്ലാസ് റൂമുകളുമായിട്ടുള്ള ഓടിട്ട കെട്ടിടങ്ങളാണ് ഉള്ളത്.

## വികസന മേഖലകളും പ്രവർത്തനങ്ങളും

2025-26 അക്കാദമിക വർഷത്തെ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തെ അടിസ്ഥാനമാക്കി അക്കാദമിക് മാസ്റ്റർ പ്ലാനിൽ സാമൂഹിക രൂപീകരണം കുട്ടികളിൽ എന്ന വിഷയത്തിന് പ്രാധാന്യം നൽകികൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു. വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിച്ച പ്രകാരമുള്ള മികവ് പ്രവർത്തനങ്ങൾ സ്കൂളിൽ നടത്താൻ തീരുമാനിച്ചു.

### 1. മേഖല - ഭൗതികം

### ഉപമേഖല - പോഷകാഹാരം - വിതരണം - ഊട്ടുപുര

1. ബയോഗ്യാസ് പ്ലാന്റ്
2. മിക്സി, കുക്കർ, പൈപ്പ് കണക്ഷൻ
3. സ്കൂൾ പച്ചക്കറിത്തോട്ടം
4. എല്ലാ കുട്ടികൾക്കും തിളപ്പിച്ച് വെള്ളം നൽകാനുള്ള സംവിധാനം
5. വിളമ്പലിന് അധ്യാപകരുടെയും കുട്ടികളുടെയും സമിതി
6. അധ്യാപകരും കുട്ടികളും ഒന്നിച്ച് ആഹാരം കഴിക്കുന്നു.

## ഉപമേഖല - കായിക വിദ്യാഭ്യാസ സൗകര്യം

## (വിശാലമാണ് സ്കൂൾ മൈതാനം)

1. കായിക പീരീഡുകൾ ഗ്രൗണ്ടിൽ
2. മാസ്ഡ്രിൽ, ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ, ഷട്ടിൽ, സൂംബ ഡാൻസ്, ലഘുവ്യായാമം എന്നിവയ്ക്ക് പരിശീലനം
3. അവധിക്കാലത്ത് ക്രിക്കറ്റ് പരിശീലനം.

## ഉപമേഖല - സ്കൂൾ ആകർഷകത്വം

1. കമനീയമായ ആർച്ച്, ബോർഡ് എന്നിവയോടെ പ്രവേശന കവാടം.
2. പ്രകൃതി സൗഹൃദ ടൈൽ പാകി മനോഹരമാക്കിയ പ്രവേശനാങ്കണം.
3. ക്ലാസ് മുറികളും വരാന്തയും ടൈൽ പതിച്ച് വൃത്തിയാക്കി.
4. ക്ലാസ്സുകളിലെ ഇടഭിത്തികളുടെ അർദ്ധാവസ്ഥ മാറ്റി സമ്പൂർണ്ണ ഭിത്തികളാക്കി.
5. എല്ലാ ക്ലാസ്സുകളിലും ചുമരിൽ സ്ഥിരമായ ബ്ലാക്ക് ബോർഡുകൾ.
6. എല്ലാ ക്ലാസ്സുകളിലും ഫാനും, ലൈറ്റും.
7. ലാബ് നവീകരണം, പൊട്ടിപ്പൊളിഞ്ഞ അവസ്ഥ മാറ്റ് പാഴ്‌വസ്തുക്കൾ നീക്കം ചെയ്തു സജീവമാക്കി.
8. ശാസ്ത്ര ക്ലാസ്സുകൾ ലാബിൽ
9. വരാന്തകളിൽ വേസ്റ്റ് ബിൻ
10. പ്ലാസ്റ്റിക് രഹിത വിദ്യാലയം
11. ലേഡീസ് ഫ്രണ്ട്ലി ടോയ്‌ലറ്റുകൾ
12. കുടിവെള്ള പാത്രങ്ങളും പ്ലേറ്റുകളും ഗ്ലാസ്സുകളും

## ഉപമേഖല - വിദ്യാലയ പരിസരം

1. വിദ്യാലയമുറ്റത്തെ വൃക്ഷങ്ങൾ തിരിച്ചറിയൽ, വൃക്ഷങ്ങളുടെ നാടൻപേരും ശാസ്ത്രീനാമവും ചേർത്ത് വിദ്യാലയ പരിസരത്തെ എല്ലാ വൃക്ഷങ്ങൾക്കും നാമകരണം.
2. കുട്ടി വനം പദ്ധതി
3. ജൈവ വൈവിധ്യോദ്യാനം

4. ഔഷധോദ്യാനം - ഔഷധസസ്യങ്ങളെ സംരക്ഷിക്കുന്നു, തിരിച്ചറിയും

5. ജീവനം - ജൈവകൃഷി പദ്ധതി

6. പൂന്തോട്ടം

7. പരിസ്ഥിതി ക്ലബ്, ആരോഗ്യക്ലബ്, ലഹരി വിരുദ്ധ ക്ലബ്, കൃഷി ക്ലബ് എന്നിവയുടെ പ്രവർത്തനങ്ങൾ ബന്ധിപ്പിക്കൽ.

8. ബയോഗ്യാസ് പ്ലാന്റ്

എസ്.എസ്.എൽ.സി പരീക്ഷയിൽ തുടർച്ചയായി 100% വിജയം കൈവരിച്ചു

## ഉപമേഖല - ശുചിത്വ (ശുചിത്വത്തിനായി 100 മണിക്കൂർ)


1. അധ്യാപകരും, വിദ്യാർത്ഥികളും എല്ലാ ദിവസവും ശുചിത്വത്തിനായി ഓരോ മണിക്കൂർ വിതം ചെലവഴിക്കുന്ന 100 മണിക്കൂർ പദ്ധതിയ്ക്ക് തുടക്കം കുറിക്കാൻ തീരുമാനിച്ചു.
2. ക്ലാസ് മുറികൾക്ക്പുറത്ത് വെയ്സറ്റ് ബിൻ
3. എല്ലാദിവസവും മാലിന്യ സംസ്കരണം.
4. ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ.
5. ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ
6. ക്ലാസ്സ് തിരിച്ച് ടോയ്‌ലറ്റുകളുടെ താക്കോൽ വിദ്യാർത്ഥിക്കും, അധ്യാപ കരനും, ഓഫീസിലും നൽകിയിട്ടുണ്ട്.
7. 'വാട്ടർ പ്യൂരിഫയർ' ഉപയോഗിച്ച് ശുദ്ധീകരിച്ച വെള്ളവും തിളപ്പിച്ചാ റിയ വെള്ളവും കുടിവെള്ളത്തിനായി ക്രമീകരിച്ചിട്ടുണ്ട്.

## -2- മേഖല - അക്കാദമികം

## ഉപമേഖല - വായന - പുസ്തകോത്സവം

1. പാഠപുസ്തകത്തിനുപുറമെ ഒരു പുസ്തകമെങ്കിലും ഒരു കുട്ടിയ്ക്ക് സ്വ ന്തം.
2. മലയാളത്തിലെ വിഖ്യാതരായ ഏഴു പ്രസാധകരുടെ പതിനായിര ത്തോളം പുസ്തകങ്ങൾ തൊടാനും, അടുത്തറിയാനും അവസരം (ഗ്രീൻബുക്സ്, ഡി.സി ബുക്സ്, കറന്റ് ബുക്സ്, ഗാന്ധിദർശൻ, ശാസ്ത്രസാഹിത്യ പരിഷത്ത്, മാതൃഭൂമി, എച്ച്.ആന്റ് സി)

C.L.H.S.S. Tvm-8 PEHURKADA



**ഉപമേഖല - വായന- വായനയുടെ സ്വർഗ്ഗം**

1. പ്രഥമാധ്യാപകൻ, അധ്യാപകൻ, അനധ്യാപകർ എന്നിവരുടെ കൂട്ടായ്മയിൽ റീഡേഴ്സ് ഫോറം പ്രവർത്തിക്കുന്നതിന് തീരുമാനിച്ചു.
2. വിദ്യാലയത്തിലെ എല്ലാ സ്റ്റാഫും സാമ്പത്തിക പങ്കാളികൾ
3. ഫാനും ലൈറ്റുമുള്ള കമനീയമായ റീഡിംങ് റൂം.
4. ഒരു ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ഒരേസമയം ഇരുന്ന് വായിക്കാനുള്ള ഫർണിച്ചറുകളും അവസരവും റീഡിങ്റൂമിലുണ്ട്.
5. ആവശ്യമായ കുട്ടികൾക്ക് പത്രം വീട്ടിൽ കൊണ്ടുപോയി വായിക്കാനവസരം.
6. പുസ്തകങ്ങൾ അടുക്കി ചിട്ടയോടെ വയ്ക്കുന്നതിനുള്ള നേതൃത്വം, ടീം

**ഉപമേഖല :- മാധ്യമപ്രവർത്തനം - സ്വന്തമായി കയ്യെഴുത്ത് മാസിക**

1. ലക്ഷ്യം - വിദ്യാലയ മേന്മ സമൂഹത്തിലെത്തിക്കൽ.
2. പ്രഥമാധ്യാപകൻ ഉൾപ്പെട്ട പത്രാപിധസമിതിയിൽ അധ്യാപകരും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളും അംഗങ്ങൾ.
3. വിദ്യാലയത്തിന്റെ മികവ് വിളിച്ചോതുന്ന നിരവധി പ്രവർത്തനങ്ങൾ കയ്യെഴുത്ത് മാസികയിലൂടെ പ്രസിദ്ധപ്പെടുത്തുന്നു.

**ഉപമേഖല :- വ്യക്തിത്വ വികസനം - സർഗാത്മക വികസനം - ശില്പശാലകൾ**

1. പഠന സമയം നഷ്ടപ്പെടുത്താതെ അവധി ദിനങ്ങളിൽ മാത്രം.
2. ഫസ്റ്റ് എയിഡ് അറിയേണ്ടതെല്ലാം.
3. പഠനോപകരണ നിർമാണ ശില്പശാല
4. ലഹരിവിരുദ്ധ ജീവിതം കൈവരിക്കാം.
5. എ പ്ലസ് - പരീക്ഷയിലും ജീവിതത്തിലും.

C.L.H.S.S. Tvm-II PERURKADA

## ഉപമേഖല - പ്രതിഭാപോഷണം പദ്ധതി

## സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം (മികവിന്റെ തീരം)

1. എല്ലാ സ്കോളർഷിപ്പുകൾക്കും പരിശീലനം.
2. അവധിക്കാലത്തും, അവധി ദിവസങ്ങളിലും ക്ലാസ്സുകൾ.

## ഉപമേഖല - ദിനാചരണങ്ങൾ

## (100% ഹാജരോടെ ദേശീയ ദിനാഘോഷങ്ങൾ)

1. ദേശീയ ദിനാഘോഷങ്ങൾ ജനപ്രതിനിധികളുടെയും രക്ഷിതാക്കളുടെയും നിറസാന്നിദ്ധ്യത്തിൽ.
2. അധ്യാപകരുടെയും കുട്ടികളുടെയും പൂർണ്ണപങ്കാളിത്തം.

## ഉപമേഖല - ജനാധിപത്യ നേതൃത്വ പരിശീലനം

1. പഠനപ്രക്രിയയയുടെ ഭാഗമായി വ്യക്തമായ മുന്നൊരുക്കം
2. കൃത്യമായ അച്ചടക്കം തെരഞ്ഞെടുപ്പിൽ

## ഉപമേഖല - മേളകളിൽ മികവ്

1. സ്കൂൾ മേളകൾ, ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതം, ഐ.ടി. പ്രവർത്തിപരിചയം എന്നീ വിവിധ വിഭാഗങ്ങളുമായി സംഘടിപ്പിക്കുന്നു.
2. ശാസ്ത്രമേളയിൽ വർക്കിംഗ് മോഡൽ, സ്റ്റിൽ മോഡൽ, പ്രോജക്ട് എന്നിവയിൽ ജില്ലാതലത്തിലും സംസ്ഥാനത്തിലും പങ്കെടുക്കുവാൻ തീരുമാനിച്ചു.
3. ഒരു ശാസ്ത്രമേള കഴിയുന്നതോടെ അടുത്ത വർഷത്തെ ഇനങ്ങൾ നിശ്ചയിക്കും.
4. അവധിക്കാലത്ത് തന്നെ മത്സരങ്ങൾക്കായുള്ള തയ്യാറെടുപ്പുകൾ തുടങ്ങും.

## ഉപമേഖല - കലോത്സവ മികവ്

1. സബ്ജില്ല, ജില്ലാ, സംസ്ഥാന തലങ്ങളിൽ - സംഘനൃത്തം, നാടകം തുടങ്ങിയവയ്ക്ക് വേണ്ട പരിശീലനം നൽകുന്നു.

## ഉപമേഖല - പഠന പിന്തുണാപ്രവർത്തനങ്ങൾ

## ലിറ്റിൽ കൈറ്റ്സ്

### വിവര സാങ്കേതിക വിദ്യയുടെ അറിവ് നേടൽ

### പ്രവർത്തനങ്ങൾ

1. 8-ാം ക്ലാസിൽ പ്രവേശനം നേടുന്ന കുട്ടികളെ പ്രീ-ടെസ്റ്റ് നടത്തി യൂണിറ്റിലെ അംഗങ്ങളാക്കുന്നു.
2. മാസ്റ്റർ, മിസ്ട്രസ്സ് എന്നീ ചുമതലകളുള്ള അധ്യാപകർ കുട്ടികൾക്ക് വേണ്ടുന്ന പരിശീലനം നൽകുന്നു.
3. കുട്ടികളെ തൊഴിലധിഷ്ഠിത മേഖല സ്വായത്തമാക്കാൻ പ്രാപ്തരാക്കുന്നു.
4. ആധുനിക സാങ്കേതിക വിദ്യയിൽ അക ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുന്നു.
5. സൈബർ സെക്യൂരിറ്റി ബോധവൽക്കര ക്ലാസ് രക്ഷിതാക്കൾക്ക് നൽകുന്നു.

### എൻ.സി.സി.

2025-26 അധ്യയനവർഷം മുതൽ സ്കൂളിൽ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചു.

### ലക്ഷ്യങ്ങൾ

1. ശാരീരികവും മാനസീകവുമായ വെല്ലുവിളികളെ മറികടന്ന് പ്രവർത്തനോത്സുകരാക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.
2. ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം നേടാൻ ഇതിലൂടെ സാധ്യമാകുന്നു.
3. സദാചാരബോധം, ഉത്തരവാദിത്വം, ആത്മാർത്ഥന എന്നീ ഗുണങ്ങൾ നേടിയെടുക്കാൻ സാധിക്കുന്നു.

### ഉപമേഖല - ക്ലബ്ബ്പ്രവർത്തനങ്ങൾ

1. അക്കാദമിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവിധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്.
2. വിഷയാധിഷ്ഠിത ക്ലബ്ബുകൾ കുട്ടിയുടെ അഭിരുചിക്കനുസരിച്ച് വിവിധ തൊഴിൽ മേഖലകൾ സ്വീകരിക്കാനുള്ള പ്രാപ്തി നേടിയെടുക്കാൻ സാധിക്കുന്നു.

### കൗമാര ക്ലബ്ബ്

1. കുട്ടികളെ കർമ്മോത്സുകരാക്കാൻ വേണ്ട പ്രവർത്തനങ്ങൾ ചെയ്യുന്നു.

2. ആഴ്ചയിൽ ഒരു മണിക്കൂർ ബോധവൽക്കരണ ക്ലാസ്സുകൾ

3 ക്ലാസ് അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകുന്നു.

4. കലാവിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നു.

5. അച്ചടക്കം, സ്വഭാവരൂപീകരണം എന്നിവ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നു.

6. കൗമാര കാലഘട്ടത്തിലെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള ക്ലാസ്സുകൾ നൽകി വരുന്നു.

## ഇക്കോ ക്ലബ്ബ്

1. പരിസ്ഥിതി സംരക്ഷണം

2. ജൈവ-അജൈവ വസ്തുക്കളുടെ ഉപയോഗപ്പെടുത്തൽ

3. മലിനീകരണ നിർമ്മാർജ്ജനം പുതിയ തലമുറയിലേക്ക് എത്തിക്കുന്നു.

4. സുസ്ഥിരവികസനത്തിൽ ഊന്നിയുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

5. സ്കൂൾ പരിസരം ഹരിതാഭമാക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

## സുരീലി ഹിന്ദി

**പ്രവർത്തനങ്ങൾ**

1. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ സെമിനാറുകൾ, വിദഗ്ദ്ധ ക്ലാസ്സുകൾ എന്നിവ നൽകുന്നു.

2. സ്കൂൾ പച്ചക്കറിത്തോട്ടം ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിത്തുകളുടെ പേര് ഹിന്ദിയിൽ എഴുതിയ ആൽബം തയ്യാറാക്കി.

3. പദപ്രയോഗങ്ങൾ നൽകി കൊണ്ട് ഹിന്ദി ഭാഷ കൈകാര്യം ചെയ്യാൻ വേണ്ട പ്രവർത്തനങ്ങൾ നൽകി.

4. ഓഡിയോ ക്ലിപ്പുകൾ, റീൽസ് എന്നിവ ക്രമീകരിച്ചുകൊണ്ട് ഭാഷ കൈകാര്യം ചെയ്യുക.

## യംഗ് ഇന്നവേറ്റീവ് പ്രോഗ്രാം

1. YIP ശാസ്ത്രപഥം പരിപാടിയിലൂടെ കേരളം നേരിടുന്ന പ്രശ്നങ്ങൾ കുട്ടികൾ കണ്ടെത്തുകയും അവയുടെ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ച് ഐഡിയ സബ്മിറ്റ് ചെയ്യുന്നു.

2. 5 മുതൽ 12 വരെ ക്ലാസ്സിലെ കുട്ടികളുടെ ഗവേഷണ തല്പരത വളർത്തിയെടുത്ത് അവരെ സമൂഹത്തിലെ സംരംഭകർ ആക്കിമാറ്റി പഠനത്തോടൊപ്പം വരുമാനവും, കുട്ടികൾക്ക് ഉണ്ടാക്കി എടുക്കാൻ കഴിയുന്ന പദ്ധതി.

3. ഇന്നവേറ്റീവ് ഐഡിയാസിന് പ്രാധാന്യം

4. YIP ക്ക് 32 തീമുകളാണ് നിർദ്ദേശിക്കുന്നത്.

## ഗണിത ക്ലബ്ബ്

1. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.

2. ചതുഷ്ക്രിയകൾ ഉറപ്പാക്കിക്കുന്നതോടൊപ്പം ഗണിതപ്രവർത്തനങ്ങളായ ചെറിയ ചെറിയ പസിലുകൾ, നമ്പർ ചാർട്ട്,സംഖ്യാ കാർഡ്, വർക്ക് ഷീറ്റ് എന്നിവയിലൂടെ ഗണിതം മധുരമാക്കുന്നു.

## വിദ്യാരംഗം

മലയാള ഭാഷയുമായി ബന്ധപ്പെട്ട് വിദ്യാരംഗം ക്ലബ്ബ് പ്രവർത്തിച്ചുവരുന്നു.

## ലക്ഷ്യങ്ങൾ

1. കുട്ടികളുടെ സർഗ്ഗശേഷി വളർത്താൻ സാധിക്കുന്നു.

2. കവിതാരചന, കഥാരചന, ഉപന്യാസരചന, കാവ്യാലാപനം തുടങ്ങിയ സാഹിത്യ മേഖലകളിൽ അഭിരുചി വളർത്താൻ സാധിക്കുന്നു.

3. പ്രഭാഷണം, പ്രസംഗം, മുഖപ്രസംഗം എന്നിവയിൽ കൂടുതലായി പ്രാവീണ്യം നേടാൻ സാധിക്കുന്നു.

4. സാഹിത്യകാരന്മാരെ ആദരിക്കുന്നതിനും, കൂടുതലറിയുന്നതിനും അവസരം ലഭിക്കുന്നു.

5. സാഹിത്യ പ്രശ്നോത്തരി, ചർച്ചകൾ എന്നിവയിൽ പങ്കാളികളാകാൻ സാധിക്കും.

## ഇംഗ്ലീഷ് ക്ലബ്ബ്

1. **ലക്ഷ്യം**

   ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുന്നു.

## പ്രവർത്തനങ്ങൾ

1. Spoken English Class

2. English Corner Story Time

## 3. English Assembly

**2) ലക്ഷ്യം**

ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

**പ്രവർത്തനങ്ങൾ**

1. സിനിമ & ഡോക്യുമെന്ററി, പ്രൊഫൈൽ & സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിന് വേണ്ടി ഇംഗ്ലീഷ് സിനിമയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു.
2. റോൾപ്ലേ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു.
3. **ലക്ഷ്യം** – സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക, സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക.

**പ്രവർത്തനങ്ങൾ**

1. പദകാർഡ്, അക്ഷര കാർഡ് നിർമ്മാണം
2. ഇംഗ്ലീഷ് പത്രവായന
3. എന്റെ ഡയറി
4. അസംബ്ലി ന്യൂസ് വായിക്കൽ

4\. ലക്ഷ്യം - നാടകീകരണം

**പ്രവർത്തനങ്ങൾ**

പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി

1. സ്കിറ്റ്
2. കഥാപ്രസംഗം

5\. ലക്ഷ്യം - കവിതാലാപനത്തിലും കവിതാരചനയ്ക്കും പ്രാപ്തരാക്കുന്നു.

**പ്രവർത്തനങ്ങൾ**

1. ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം
2. കവിതാരചന
3. കവിതാലാപന മത്സരങ്ങൾ
4. ആസ്വാദനകുറിപ്പ് തയ്യാറാക്കുക

5. ബുക്ക് റിവ്യൂ

6. ലക്ഷ്യം - സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികാസത്തിന് പ്രയോജനപ്പെടുത്തുക.

**പ്രവർത്തനങ്ങൾ**

1. ഇംഗ്ലീഷ് സിനിമ കാണാനുള്ള അവസരം

2. ഇംഗ്ലീഷ് ഫെസ്റ്റ്

3. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ വിദഗ്ദ്ധ അദ്ധ്യാപകന്റെ സഹായത്തോട ആഴ്ചയിൽ 1 മണിക്കൂർ നടത്തിവരുന്നു.

## ഉൾച്ചേർക്കൽ വിദ്യാഭ്യാസം (2025-26)

വിവേചനരഹിത വിദ്യാഭ്യാസവും തുല്യനീതിയും ഉറപ്പാക്കുക എന്നതാണ് ഉൾച്ചേർക്കൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഭിന്നശേഷി കുട്ടികളെ പൂർണ്ണമായും ഉൾക്കൊണ്ട് കൺകോർഡിയ ലൂഥറൻ ഹയർ സെക്കണ്ടറി സ്കൂളിൽ അധ്യയനം നടന്നുവരുന്നത്.

8 മുതൽ 12 വരെ ക്ലാസ്സുകളിൽ 36 ഭിന്നശേഷി കുട്ടികളാണ് പഠിക്കുന്നത്. ക്ലാസ് റൂം അന്തരീക്ഷത്തിൽ ഇവർക്കായി പാഠഭാഗങ്ങൾ അനുരൂപീകരിച്ച് നൽകുന്നു.

1. പാഠഭാഗാശയങ്ങൾ ചോർന്ന് പോകാതെ പാഠഭാഗങ്ങൾ ലളിതവൽക്കരിച്ച് കൊടുക്കുന്നു.

2. പാഠ്യേതര പ്രവർത്തനങ്ങളിൽ മറ്റ് കുട്ടികൾക്കൊപ്പം പങ്കെടുക്കുന്നു.

3. രക്ഷകർത്തൃ ബോധവൽക്കരണം കൊടുക്കുന്നു.

4. ദിനാചരണങ്ങളിൽ CWSN (Children with Special Needs) കുട്ടികളെ പങ്കാളികളാക്കുന്നു.

5. IEP (Individual Education Plan) ഓരോ കുട്ടിയ്ക്കും കൊടുത്ത് വരുന്നു.

6. ബഡി സിസ്റ്റം നടപ്പിലാക്കുന്നതിലൂടെ സഹപാഠികളെ പങ്കാളികളാക്കി സ്വീകാര്യതയും സഹകരണവും സ്കൂൾ അന്തരീക്ഷത്തിൽ വളർത്തിയെടുക്കുന്നു.

   ഇത്തരം പ്രവർത്തനങ്ങളിലൂടെ ഭിന്നനിലവാരത്തിലുള്ളവരെയും ഉൾച്ചേർത്ത് കൊണ്ട് ഒരു സാമൂഹിക ഉൾച്ചേർക്കൽ കൺകോർഡിയയിൽ നടപ്പിലാക്കി വരുന്നു.

## ഉപമേഖല : സ്കൂൾ വാർഷികാഘോഷം

1. കുട്ടികളുടെ കലാപരിപാടികൾ
2. രക്ഷിതാക്കളുടെയും അദ്ധ്യാപകരുടെയും കലാപരിപാടികൾ, കായികമത്സ രങ്ങൾ
3. വാർഷിക പരിപാടികളിലെ ചിത്രങ്ങൾ സഹിതമുള്ള വിദ്യാലയ സ്മൃതി കലണ്ടർ
4. വേറിട്ടത്, നൂതനം, നാടിനെ ഉണർത്തുന്നത്, ആവേശാനുഭവം.....

## ലക്ഷ്യങ്ങൾ

1. സമ്പൂർണ്ണ ഗുണനിലവാരമുള്ള ഒരു വിദ്യാലയം കൈവരിക്കുക.
2. എല്ലാ ക്ലാസ്സുകളിലും മൾട്ടിമീഡിയ സൗകര്യം ഉറപ്പാക്കുക.
3. അടിസ്ഥാന സൗകര്യങ്ങൾ സ്കൂളിൽ ലഭ്യമാക്കുക.
4. വിദ്യാലയ വികസനം വഴി കൂടുതൽ കുട്ടികളെ സ്കൂളിലേയ്ക്ക് ആകർഷി ക്കുക. അതോടൊപ്പം പഠനനിലവാരം കുട്ടികൾക്ക് ഉറപ്പാക്കുക.




## സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പദ്ധതി

## പ്രവർത്തനങ്ങൾ (സ്കൂളിൽ നടപ്പാക്കാൻ ആഗ്രഹിക്കുന്നവ)



1. Science Lab
2. Smart Class Room
3. Boys & girls - Toilet
4. Books for Library - Malayalam, English, Hindi
5. Language Lab
6. Smart Classd Rooms - 8 Numbers
7. Printer - 2 No. In Computer Lab of Library
8. Computer 10 No.



C.L.H.S.S. Tvm-II PERURKADA

9. School Bus 1
10. Building for Maths Lab, Social Science lab, Science lab of language lab
11. Equipments for maths, Social Science, Science and language lab
12. Mike and Speakers with amplifier
13. Gardening equipments.....
14. Desks, Benches, Tables and Shelves
15. White Board and green board with Markers.
16. Fans and lights for classrooms.
17. Projectors in all classrooms. 8 No.

## ക്രോഡീകൃത ധനകാര്യപ്പട്ടിക

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പിലാക്കുക വഴി സ്കൂൾ നിലവാരം ഉയർത്തുന്നതിന് തീർച്ചയായും സാധിക്കും.

അതിനായി ഏകദേശം ആവശ്യമായി വരുന്ന തുക 25 ലക്ഷം രൂപയെന്ന് വിനയപൂർവ്വം അറിയിക്കുന്നു.

C.L.H.S.S. Tvm-8 PERURKADA

# CLHSS - Peroorkada

## High School - Malayalam

ആശയം പ്രകടിപ്പിക്കുന്നതിന് അനന്തമായ സാധ്യതകൾ തുറന്നിടുന്നതാണ് ഭാഷ. ഓരോ കുട്ടിയുടെയും ഭാഷാ പഠനം വ്യത്യസ്തതലത്തിലാണ് നടക്കുന്നത്. എന്നാലിന്ന് ഭാഷ പ്രയോഗിക്കുന്നതിൽ പല കാരണങ്ങളാൽ കുട്ടികൾ പിന്നിലാകുന്നുണ്ട്. വായനയുടെ അഭാവം, ലേഖന നൈപുണിയുടെ വികസന കുറ, ആംഗലേയ ഭാഷയോടുള്ള ഇഷ്ടകൂടുതൽ തുടങ്ങിയവ ഒരു പരിധി വരെ കാരണമൊകുന്നു. 2013 മെയ് 23 ന് മലയാളത്തെ ശ്രേഷ്ഠഭാഷയായി അംഗീകരിച്ചുവെങ്കിലും, നമ്മുടെ സമൂഹം എത്രത്തോളം മാതൃഭാഷ ഉപയോഗിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നുവെന്ന് ചിന്തിക്കേണ്ടതാവശ്യമാണ്. കുട്ടികളെ സംബന്ധിച്ച് വായിച്ച് വളരാനും, ചിന്തിച്ച് വിവേകം നേടാനും സാധിക്കുന്നത് വിദ്യാലയങ്ങളിലാണ്. ഭാഷാ പഠനത്തിൽ കുട്ടികൾക്ക് നേരിയ ആത്മവിശ്വാസ കുറവ് നേരിടുന്നുണ്ട്. കാരണം, അക്കാദമികവും, സാമൂഹികവും ആയ ചില വെല്ലുവിളികൾ ഉണ്ട്. അത്തരം പ്രശ്നങ്ങൾ കണ്ടെത്തി വിശകലനം ചെയ്ത് പരിഹാര പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നതരത്തിലുള്ള പദ്ധതികളാണ് ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്.

**അക്കാദമികമായ വെല്ലുവിളികൾ**

1. 8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും വായിക്കാനും, എഴുതാനും അറിയില്ല.
2. പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആശയങ്ങൾ, ശേഷികൾ, ധാരണകൾ എല്ലാ കുട്ടികൾക്കും നേടാൻ സാധിക്കുന്നില്ല.
3. വായനയുടെ അഭാവം
4. രചനകളുടെ കുറവ്
5. ഭിന്നശേഷിതലത്തിലുള്ള കുട്ടികളുടെ പിന്നോക്കാവസ്ഥ.

C.L.H.S.S. Tvm-5 PERURKADA

സാമൂഹികം

1. പ്രദേശത്തുള്ള സാഹിത്യകാരെകുറിച്ചും, അവരുടെ രചനകളെ കുറിച്ചും ഉള്ള പരിചയകുറവ്.

**അക്കാദമികമായ പ്രശ്നങ്ങൾ**

പ്രശ്നം - 1

8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും എഴുതാനും വായിക്കാനും അറിയില്ല.

കാരണം

- കുട്ടികൾ മുൻ ക്ലാസ്സുകളിൽ നേടേണ്ട ശേഷികൾ നേടാത്തത്.
- വായനയുടെ അഭാവം
- അശ്രദ്ധ

പരിഹാര നിർദ്ദേശം

- അക്ഷരങ്ങൾ, വാക്കുകൾ, വാക്യങ്ങൾ, ചിത്രങ്ങൾ എന്നിവ അടങ്ങുന്ന കാർഡുകൾ നൽകൂ. വായിപ്പിക്കുക.
- കഥാപുസ്തകങ്ങൾ വായിക്കാൻ നൽകുക.
- പത്രവായന പ്രോത്സാഹിപ്പിക്കുക.
- ലേഖന നൈപുണി വികസിപ്പിക്കന്നതിന് ചിത്രങ്ങൾ നൽകി, കഥകൾ രചിക്കുന്നതിന്, ആഴ്ചയിലൊരുദിവസം സ്കൂൾ വിശേഷത്തെ കുറിച്ച് ലഘു കുറിപ്പുകൾ തയ്യാറാക്കുക.

പ്രശ്നം 2

ഭാഷയുമായി ബന്ധപ്പെട്ട് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആശയങ്ങൾ, ശേഷികൾ, ധാരണകൾ എന്നാ കുട്ടികൾക്കും നേടാൻ സാധിക്കുന്നില്ല.

C.L.H.S.S. Tvm-8 PERURKADA

കാരണം

- വായന, ലേഖനം, ഗ്രഹണം - എന്നീ നൈപുണികളുടെ വികസന കുറവ്.
- വായനയ്ക്ക് അധികസമയം ലഭിക്കുന്നില്ല.

പരിഹാര നിർദ്ദേശം

അർഹതയുള്ളവർക്ക് മാത്രം അടുത്ത ക്ലാസിലേക്ക് സ്ഥാനകയറ്റം നൽകുക.

സംഘം പ്രവർത്തനങ്ങൾക്ക് കൂടുതൽ അവസരം നൽകുക.

ICET യുടെ സഹായത്തോടുകൂടി ആശയങ്ങൾ കുട്ടികളിൽ ഉറപ്പിക്കുന്നതി ലൂടെ

പ്രശ്നം - 3

വായനയുടെ അഭാവം

കാരണം

- ലൈബ്രറിസമയം (വായനാസമയം) കുറവാണ്
- വായനയോടുള്ള വിമുഖത

പരിഹാരനിർദ്ദേശം

- വിദ്യാലയത്തിൽ തന്നെ വായനയ്ക്കായി കൂടുതൽ സമയം അനുവദിക്കണം.
- ക്ലാസ്മുറി ലൈബ്രറിയിലും, സ്കൂൾലൈബ്രറിയിലും രസകരവും, വിജ്ഞാനപ്രദാവും, ആകർഷകവുമായ പുസ്തകങ്ങൾ ഉൾപ്പെടുത്തുക.

പ്രശ്നം 4

രചനകളുടെ കുറവ്

കാരണം

സ്വന്തമായി കുട്ടികൾ ഒന്നും തന്നെ എഴുതാൻ ശ്രമിക്കുന്നില്ല.

ഗൈഡുകളുടെ അമിതമായ പ്രവാഹം.

C.L.H.S.S. Tvm-8 PERURKADA

വായന കുറവ്

പരിഹാര നിർദ്ദേശം

പത്രങ്ങൾ നിത്യേന വായിപ്പിക്കുക. (ക്ലാസിൽ, സ്കൂൾ അസംബ്ലിയിൽ)

ഭാഷയുമായി ബന്ധപ്പെട്ട ആനുകാലി പ്രസിദ്ധീകരണങ്ങൾ വായിക്കാൻ അവസരം നൽകുക, ആഴ്ചാവസാനം അതിൽ നിന്ന് ക്വിസ്, ലഘുകുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുക.

മാസത്തിലൊരു ദിവസം കുട്ടികൾ വായിച്ച സാഹിത്യകൃതിയെകുറിച്ചുള്ള അഭിപ്രായം എഴുതി വായിപ്പിക്കുക.

ആഡിയോ- വീഡിയോ മാധ്യമങ്ങളിലൂടെ വിവിധ രചനാ ശൈലികൾ പരിചയപ്പെടുത്തുക.

സാമൂഹികം

പ്രദേശത്തുള്ള സാഹിത്യകാരെകുറിച്ചും, അവരുടെ രചനകളെകുറിച്ചും ഉള്ള പരിചയകുറവ്.

കാരണം

മാതൃഭാഷയോടും, സാഹിത്യകൃതികളോടും ഉള്ള ആദരവില്ലായ്മ

പരിഹാര നിർദ്ദേശം

- വിദ്യാലയ പരിസരത്തുള്ള സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തുക.
- സാഹിത്യകാരന്മാരുടെ ഭവനങ്ങൾ, സ്മാരകങ്ങൾ സന്ദർശിക്കുക.

  വിദ്യാലയത്തിന് പുറത്തുള്ള ഗ്രന്ഥശാലകൾ കുട്ടികൾ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
- വായനാദിനം, വായനാവാരം കൂടുതലായി പ്രയോജനപ്പെടുത്തുക.

C.L.H.S.S. Tvm-5 PERURKADA

അക്കാദമിക പ്രശ്നം- 5

ഭിന്നശേഷിക്കാരായ കുട്ടികളുടെ പിന്നോക്കാവസ്ഥ.

പരിഹാര നിർദ്ദേശം

റിസോഴ്സ് അധ്യാപകരുമായി ചർച്ച ചെയ്ത് ഓരോ ക്ലാസ് സമയത്തും, ചിത്രങ്ങളിലൂടെ ഐ.സി.ഇ.റ്റി യിലൂടെ കുട്ടികളിൽ ആശയങ്ങൾ, അക്ഷരം, ചിഹ്നങ്ങൾ എത്തിക്കുക.

ലക്ഷ്യം

- എല്ലാവരും എഴുത്തും വായനയും അറിഞ്ഞിരിക്കണം.
- വായനാശീലം വർധിപ്പിക്കുക.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി കുട്ടികൾ നല്ല രീതിയിൽ ഉപയോഗപ്പെടുത്തുക.
- വായനയും, എഴുത്തും വികസിപ്പിക്കുന്നതിന് വേണ്ടി സാങ്കേതിക വിദ്യകൾ കൂടുതലായി പ്രയോജനപ്പെടുത്തുക.
- മലയാളത്തിലെ വിവിധ സാഹിത്യശാഖകളും, സാഹിത്യകാരന്മാരെയും പരിചയപ്പെടുക.
- മാതൃഭാഷയെ ആദരിക്കുക.

C.L.H.S.S. Tvm-8 PERURKADA

| | പ്രോഗ്രാം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ അിറവില്ലായ്മ പരിഹരിക്കൽ | അക്ഷരം, അടയാളം ഉറപ്പിക്കൽ, അക്ഷര കാർഡ്, വാക്കുകൾ, ചിത്രം, കഥ എഴുതിക്കൽ, കഥാപാത്രങ്ങൾ വായിപ്പിക്കൽ | 3 മാസം | പാഠപുസ്തകം, ലൈബ്രറി പുസ്തകം etc. | PTA SSA |
| 2 | കുട്ടികളെ വായിക്കാൻ പ്രാത്കരാക്കുക | വായനാമൂല, ക്ലാസ്സ്ലൈബ്രറി, പത്രവായന, സ്കൂൾ ഗ്രന്ഥശാല, സാഹിത്യകാരെ പരിചയപ്പെടുക, ആസ്വാദകരമായ വായന | 5 മാസം | ക്ലാസ്ബ്രൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, | SCERT PTA |
| 3 | കുട്ടികളെ എഴുതാൻ പ്രാത്കരാക്കുന്നതിന് | വാക്കുകൾ, വാക്യങ്ങൾ, അക്ഷരങ്ങൾ, എഴുതിയ കാർഡുകൾ, വായനക്കുറിപ്പ്, പതിപ്പുകൾ, ചുവർ പത്രികകൾ തയ്യാറാക്കുക. | 6 മാസം | ലൈബ്രറി ആനുകാലിക, ഭാഷാപ്രസിദ്ധീകരണങ്ങൾ, പാഠപുസ്തകം | SCERT PTA |
| 4 | സാഹിത്യകാരെ, മാതൃഭാഷയെ ആദരിക്കുന്നതിന് | സാഹിത്യകാരുമായുള്ള അഭിമുഖം, കഥ, നേവൽ, നാടകം, ലേഖനം പരിചയപ്പെടുത്തുന്നതിന് സാഹിത്യകാരുടെ ജന്മദിനം ഓർമ്മിക്കുന്നതിന്, വീടുകൾ, സ്മാരകങ്ങൾ, സന്ദർശിക്കുന്നതന് | 6 മാസം | സാഹിത്യകാരുടെ ജന്മസ്ഥലങ്ങൾ, സ്മാരകങ്ങൾ സന്ദർശിക്കു. (Field drip) | DIET SSA PTA |
| 5 | ഭിന്ന ശേഷിക്കാരായ കുട്ടികളെ ഭാഷാപരമായി പ്രോത്സാഹിപ്പിക്കുന്നതിന് | ചിത്രങ്ങൾ, അക്ഷര കാർഡുകൾ, ICET സാങ്കേതിക വിദ്യ ഉപയോഗിക്കുന്നു. | 6 മാസം | റിസോഴ്സ് അധ്യാപകരുടെ സഹായം, ICET | DIET PTA, SSA |

C.L.H.S.S. Tvm-5 PERURKADA

# Master Plan

## Physics & Chemistry

**ശാസ്ത്രകൗതുകം**

ശാസ്ത്ര പഠനം പ്രക്രിയാബന്ധിതമാണ്. അന്വേഷണ പഠനം പരിപൂർണ്ണത പ്രാപിയ്ക്കണമെങ്കിൽ ഓരോ കുട്ടിയും ശാസ്ത്ര ജ്ഞൻ/ശാസ്ത്രജ്ഞ ആകേണ്ടതുണ്ട്. [illegible] വർഷത്തിൽ സയൻസ്ക്ലബിന്റെ നേതൃത്വത്തിൽ ശാസ്ത്രസാഹിത്യ പരിഷത്തിന്റെ സഹായത്തോടെ ഇവരെ കണ്ടെത്തേണ്ടതാണ്.

**ലക്ഷ്യങ്ങൾ**

- ശാസ്ത്രപഠന താൽപര്യം വളർത്തുക ശാസ്ത്രീയമനോഭാവം വളർത്തുക.
- ചുറ്റുപാടുകളിൽ നിന്നുമുള്ള അറിവുകൾ സ്വായത്തമാക്കുക.
- ഗവേഷണ മനോഭാവം വളർത്തുക.
- ഊർജ്ജം സംരക്ഷിക്കേണ്ടതിന്റെ ആവശ്യത്തെകുറിച്ച് ബോധ വാന്മാരാക്കുക.

**<u>പ്രവർത്തനങ്ങൾ</u>**

- സയൻസ്ലാബ് സജ്ജീകരിക്കൽ
- വീടുകളിലും പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിയ്ക്കാൻ രക്ഷ കർത്താക്കളെ പി.റ്റി.എ യിൽ കൂടി ബോധവൽക്കരിയ്ക്കുക.
- മികച്ച വ്യക്തികൾ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു.

**<u>അക്കാദമിക മാസ്റ്റർ പ്ലാൻ</u>**

- സയൻസ് ക്ലബ്ബ് കൂടുമ്പോൾ പരീക്ഷണങ്ങൾ പൊതുവായി കാണിയ്ക്കുന്നു.
- കുട്ടി കാണുന്ന കാര്യം നിരീക്ഷിച്ച് സയൻസ് ഡയറിയിൽ രേഖ പ്പെടുത്തുന്നു.
- ശാസ്ത്ര അദ്ധ്യാപകർ അവ വിലയിരുത്തി കുട്ടി ശാസ്ത്ര ജ്ഞരെ കണ്ടെത്തുന്നു.

Tvm-4 PERURKADA

## ലക്ഷ്യങ്ങൾ

- പ്രവർത്തനങ്ങളിലൂടെ കുട്ടികളെ ശാസ്ത്രകൗതുമുള്ളവരാക്കുക.
- പരിസ്ഥിതിയെകുറിച്ച് ബോധവാന്മാരാക്കുക.
- വൃക്ഷതൈകൾ നട്ടുപിടിപ്പിയ്ക്കുക.
- പ്ലാസ്റ്റിക് രഹിതവിദ്യാലയമാക്കുക.
- ഊർജ്ജം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

1. ജൂൺ 5 പരിസ്ഥിതി ദിനാചരണം ആഘോഷിയ്ക്കുക.
2. അസംബ്ലിയിൽ കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുക.
3. പോസ്റ്ററുകൾ നിർമ്മിയ്ക്കുക, റാലി നടത്തുക.
4. കുട്ടികൾക്ക് വൃക്ഷതൈത്തെ വിതരണം ചെയ്യുന്നു.
5. കുട്ടികൾ നട്ടുപിടിപ്പിച്ച സസ്യങ്ങളുടെ വളർച്ച സയൻസ് ഡയറിയിൽ രേഖപ്പെടുത്തുക.
6. സെപ്റ്റംബർ 16- ഓസോൺദിനാചരണം, ഇതുമായി ബന്ധപ്പെട്ട് ബോധവത്ക്കരണക്ലാസ്സ് സംഘടിപ്പിയ്ക്കുക.
7. ഓരോക്ലാസ്സ് ലീഡേഴ്സിന്റെയും നേതൃത്വത്തിൽ പ്ലാസ്റ്റിക് വിമുക്തമാക്കുക.
8. പഠനയാത്രകൾ നടത്തുക.

## പ്രതീക്ഷിക്കുന്ന മികവുകൾ

1. കുട്ടി ശാസ്ത്രജ്ഞനെ / ശാസ്ത്രജ്ഞയെ കണ്ടെത്തുന്നു.
2. കുട്ടികളിൽ ശാസ്ത്രബോധം  വളർത്തുന്നു.
3. ശാസത്ര വസ്തുക്കൾ (ഉപകരണങ്ങൾ) കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം വളർത്തുക.

C.L.H.S.S. Tvm-8 PEHURKADA

4. വസ്തുക്കൾ നിരീക്ഷിച്ച് അപഗ്രഥിയ്ക്കാനുള്ള കഴിവ് വളർത്തുക.

5. അളവുകൾ, തൂക്കങ്ങൾ, സംഖ്യകൾ കൈകാര്യം ചെയ്യുക വഴി ഗണിതശേഷി വളർത്തുക.

<u>ഹ്യസ്വകാല പ്രവർത്തനങ്ങൾ</u>

1. ഒരു ദിവസത്തെ വർക്ക്ഷോപ്പ് സംഘടിപ്പിക്കുക. ഇതിൽ താൽക്കാലിക കാന്തം ചോക്ക്, സോപ്പ്, മെഴുകുതിരി നിർമ്മാണം ഇവ നിർമ്മിയ്ക്കുന്ന രീതി ചെയ്തു കാണിച്ചു അവരിൽ നിർമ്മാണ പ്രവർത്തനങ്ങളിൽ ഉത്സാഹം ജനിപ്പിക്കുക.. Blood group നിർണയ ക്യാമ്പ്. Blood donation camp , Medical camp എന്നിവ സംഘടിപ്പിക്കുക. മെഡിക്കൽ ക്യാമ്പ്

## <u>ദീർഘകാല പ്രവർത്തനം</u>

1. സോളാർസെല്ലുകൾ സ്ഥാപിച്ച് വിദ്യാലയ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വൈദ്യുതി കണ്ടെത്തുക.

2. കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി തുടർച്ചയായ Treatment നടത്തുക. പോഷകസമൃദ്ധമായ ആഹാരം കഴിക്കാൻ വേണ്ട സാഹചര്യങ്ങൾ ഒരുക്കുക.

3. Bio diversity യുമായി ബന്ധപ്പെട്ട് Red Data Book School തലത്തിൽ തയ്യാറാക്കുക.

4. കാലാവസ്ഥ വ്യതിയാനങ്ങൾക്കനുസരിച്ച് ..............................

C.L.H.S.S. Tvm-5 PERURKADA

**ലഭിക്കേണ്ടവ**

1. പ്രത്യേകം പ്രത്യേകം ലാബ്സജ്ജീകരിയ്ക്കുക.
2. ലാബ് ഉപകരണങ്ങള ആവശ്യത്തിനു നൽകുക.
3. എല്ലാ കുട്ടികൾക്കും കൈകാര്യം ചെയ്യാനുള്ള ഉപകരണങ്ങൾ സജ്ജീകരിയ്ക്കുക.
4. ശാസ്ത്രപുസ്തകങ്ങൾ (പരീക്ഷണങ്ങളുമായി ബന്ധപ്പെട്ടവ) ആവശ്യത്തിനു ലഭ്യമാക്കുക.

C.L.H.S.S. Tvm-8 PERURKADA

# പദ്ധതി സംഗ്രഹം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | നിർവഹരണ കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| ശാസ്ത്രപഠനത്തിൽ താൽപ്പര്യം വളർത്തുക | സയൻസ് ലാബ് സജ്ജീകരിക്കൽ പി.റ്റി.എ കൂടി ബോധവത്ക്കരണം നടത്തുവാൻ | ജൂൺ മാസം | സയൻസ് ടീച്ചർ (കൺവീനർ) | ലാബ് വിപുലീകരിക്കണം 2 ലക്ഷം | |
| ശാസ്ത്ര ബോധം വരുത്തുന്നു. ഹ്രസ്വകാല നിർമ്മാണ പ്രവർത്തനം കൂടി ശാസ്ത്രജ്ഞരെ ക്കണ്ടെത്തുക | പരീക്ഷണ പരമ്പകൾക്ക് തുടക്കം കുറിക്കുന്നു ചോക്ക്, മെഴുകുതിരി, സോപ്പ്, ഓരോ മാസവും അവസാന പ്രവൃത്തി ദിവസം സയൻസ് ക്ലബ്ബിൽ ഇവ അവലോകനം നടത്തുന്നു | ജൂലൈ ആദ്യവാരം സെപ്തംബർ ഒരു വർഷം | സയൻസ് ടീച്ചർ (കൺവീനർ) | 25000 | |
| കുട്ടികളിൽ പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുക | ജൂൺ 5, റാലി വൃക്ഷത്തൈ നടീൽ പ്ലാസ്റ്റിക് നിർമ്മാർജ്ജനം | ഒരു വർഷം | | | |
| ഊർജ്ജ സംരക്ഷണം സൗരോർജ്ജം | സൗരോർജ്ജം ഉപയോഗിച്ച് ശാസ്ത്ര സാഹിത്യ വൈദ്യുതി ഉൽപ്പാദനം മികച്ച വ്യക്തികളെ കൊണ്ട് സെമിനാർ നടത്തുക | അഞ്ച് വർഷം പ്രവർത്തനം തുടർന്നു കൊണ്ടിരിക്കും (5 വർഷം) | | 10 ലക്ഷം 20,000 | |

C.L.H.S.S. Tvm-8 PERURKADA

# സാമൂഹ്യശാസ്ത്ര വിഷയങ്ങൾ

സാമൂഹ്യശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളാണ് ഇതിൽ വിഷയമാക്കുന്നത്. മാനവിക വിഷയങ്ങളായ ചരിത്രം. ഭൂമിശാസ്ത്രം, പൗരധർമ്മം, സോഷ്യോളജി, കെമേഴ്സ്, രാഷ്ടീമാംസ തുടങ്ങിയവ 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന വിഷയങ്ങളിൽ കുട്ടികളുടെ പഠന മികവ് ഉറപ്പാക്കുകയെന്നതാണ്. ഈ പദ്ധതിയുടെ ലക്ഷ്യം. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയങ്ങളിൽ എത്തിക്കുവാൻ കഴിഞ്ഞെങ്കിലും ഗുണമേയുള്ള വിദ്യാഭ്യാസം നൽകുകയെന്നത് കേരളത്തിലെ വിദ്യാഭ്യാസം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. വിദ്യാഭ്യാസം എന്നത് തൊഴിൽ ലഭിക്കുന്നതിനുള്ള ഉപാധി എന്ന നിലയിൽ മാത്രം കാണുന്ന സമൂഹത്തിന്റെ വികലമായ കാഴ്ചപ്പാട് മാറേണ്ടതുണ്ട്. സാമൂഹ്യ ശാസ്ത്ര വിഷയത്തിൽ ഇന്ന് പല വെല്ലുവിളികളും നേരിടുന്നുണ്ട്. വികസിത രാജ്യങ്ങൾ ഈ വിഷയങ്ങൾക്ക് വളരെ പ്രാധാന്യം നൽകുമ്പോൾ നമ്മുടെ നാട്ടിൽ വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല. ഈ വിഷയങ്ങളോടുള്ള പഠിതാക്കളുടെയും രക്ഷിതാക്കളുടെയും സമീപനം മാറേണ്ടതുണ്ട്. ഇതിന്റെ അനന്ത സാധ്യതകൾ ഇവരെ മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. ഈ വിഷയങ്ങളുമായ് കുട്ടികൾ, അധ്യാപകർ എന്നിവർ നേരിടുന്ന അക്കാദമികം, ഭൗതികം, സാമൂഹികവുമായ പ്രശ്നങ്ങൾ കണ്ടെത്തി വിശകലനം ചെയ്ത പരിഹാര പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന തരത്തിലുള്ള പദ്ധതികളാണ് ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്.

## അക്കാദമികമായ വെല്ലുവിളികൾ

1. 8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ, ധാരണകൾ ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല.
2. എല്ലാ വിഭാഗം കുട്ടികളേയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിന് സാധിക്കുന്നില്ല.
3. വൈവിധ്യമാർന്ന പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട്
4. വിവര വിനിമയ സാങ്കേതിക വിദ്യ പരിചയപ്പെടുത്തുന്നതിനു സാങ്കേതിക പരിജ്ഞാന കുറവ്

C.L.H.S.S. Tvm-8 PERURKADA

5. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ കൈകാര്യം ചെയ്ുയന്നതിനുള്ള ബുദ്ധിമുട്ട്

<u>സാമൂഹികം</u>

- ➢ പ്രാദേശിക വിഭവങ്ങൾ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തിയിട്ടില്ല
- ➢ പ്രാദേശിക വിഭവശേഖരണം നടത്തിയിട്ടില്ല.

<u>പ്രശ്ന വിശകലനം</u>

8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ, ധാരണകൾ, ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല.

<u>കാരണങ്ങൾ</u>

- ➢ കുട്ടികൾ മുൻക്ലാസ്സുകളിൽ നേടേണ്ട ശേഷികൾ നേടാത്തത്
- ➢ സാമൂഹ്യ ശാസ്ത്ര പഠനത്തോടുള്ള വിമുഖത
- ➢ വായനയുടെ അഭാവം
- ➢ പഠനാനുഭവങ്ങളെ ജീവിതഗന്ധിയാക്കാൻ കഴിയുന്നില്ല
- ➢ ആശയങ്ങൾ നേടുന്നതിനുള്ള കഴിവില്ലായ്മ

<u>പരിഹാര നിർദ്ദേശം</u>

- ➢ അർഹതയുള്ളവർക്കു മാത്രം ക്ലാസ്സ്കയറ്റം നൽകുക
- ➢ സ്കൂൾ ലൈബ്രറി പത്രങ്ങൾ ഇവ വായിക്കുന്നതിന് താൽപ്പര്യം ഉണ്ടാക്കുക
- ➢ നിത്യജീവിതവുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾ നൽകുക
- ➢ ആശയങ്ങൾ കുട്ടികളുടെ നിലവാരത്തിനനുസൃതമായി സരളവും ലളിതവുമായി അവതരിപ്പിക്കുക

<u>പദ്ധതി / പ്രവർത്തനം</u>

- ➢ പ്രീ ടെസ്റ്റ് നടത്തുക
- ➢ കൃത്യമായ ക്ലബ്ബ് പ്രവർത്തനങ്ങൾ നടത്തുക ആസൂത്രണം ചെയ്യുക
- ➢ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ ശിൽപ്പശാല
- ➢ ലൈബ്രറി പരമാവധി ഉപയോഗിക്കുക

C.L.H.S.S. Tvm-5 PERURKADA

## അദ്ധ്യാപകർ

- കാലാനുസൃതമായ മാറ്റങ്ങൾ/ ഉൾക്കൊണ്ടുകൊണ്ട് വിഷയാവതരണം നടത്തേണ്ടതാണ്.
- ഐ.സി.റ്റി അധിഷ്ഠിതമായ പഠനത്തിനുവേണ്ടത്ര പരിശീലനം ലഭിക്കുന്നില്ല
- ആശ്രയ ബാഹുല്യം കാരണം എല്ലാ കുട്ടികളിലും വേണ്ടത്ര തലത്തിൽ പഠന പ്രവർത്തനങ്ങൾ നടത്തുന്നതിന് കഴിയുന്നില്ല.

## പരിഹാര നിർദ്ദേശം

- സബ്ജക്ട് കൗൺസിൽ ചേർന്ന് നിത്യജീവിതവുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ നടത്തുക
- കുട്ടികളുടെ പഠനഗ്രൂപ്പ് നടത്തുക
- പിന്നോക്കമുള്ള കുട്ടികൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുക

## പദ്ധതി/ പ്രവർത്തനം

- ഐ.സി.റ്റി അധിഷ്ഠിതമായ പഠനതന്ത്രത്തിനുള്ള സ്കൂൾതല ശിൽപ്പശാല
- നിത്യജീവിതവുമായി ബന്ധപ്പെട്ട പഠന പ്രവർത്തനം നൽകുക

## രക്ഷിതാക്കൾ

## കാരണം

- രക്ഷിതാക്കൾക്ക് കുട്ടികളെ മനസ്സിലാക്ക് വേണ്ടത്ര മാർഗ്ഗ നിർദ്ദേശം നൽകാൻ കഴിയുന്നില്ല
- വീടുകളിലെ മോശമായ പഠനാന്തരീക്ഷം

## പരിഹാര നിർദ്ദേശം

- ക്ലാസ്സ് പി.റ്റി.എ ചേർന്ന് കുട്ടികളെ പഠന നിലവാരം ചർച്ച ചെയ്യുക
- രക്ഷിതാക്കൾക്ക് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക

## പദ്ധതി / പ്രവർത്തനം

- ഹൈടെക് ക്ലാസ്സ് മുറികൾ പരിചയപ്പെടുത്തൽ

C.L.H.S.S. Tvm-8 PERURKADA

പ്രശ്നം-2

- എല്ലാ വിഭാഗം കുട്ടികളേയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് സാധിക്കുന്നില്ല

കാരണം

- കാലാനുസൃതമായി വിഷയബന്ധമായ കാര്യങ്ങൾ വിവിധ നിലാവാരത്തിലുള്ളവർക്ക് എത്തിക്കുന്നതിന് പൂർണ്ണമായും സാധിക്കുന്നില്ല.

പരിഹാരം

- വിദഗ്ദ്ധരുടെ സഹായത്തൽ പാഠ്യപദ്ധതിയിൽ മാറ്റങ്ങൾ വരുത്തുക
- കുട്ടികളുടെ പഠനഗ്രൂപ്പുകൾ ഉണ്ടാക്കി ആശയ വിനിമയം നടത്തുക.

പ്രവർത്തനം

- എസ്.ആർ.ജി കൂടി രൂപരേഖ തയ്യാറാക്കാം വൈവിധ്യ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

പ്രശ്നം -3

- വൈവിദ്ധ്യമാർന്ന പഠന പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട്

കാരണം

- വിഷയബാഹുല്യം പഠനപ്രവർത്തനങ്ങൾ കൂടുതൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് സാധിക്കുന്നില്ല.

പരിഹാര നിർദ്ദേശം

- പഠന പിന്നോക്കം നിൽക്കുന്നവർ മുന്നോട്ടുകൊണ്ടുവരുന്നതിനായി നിത്യജീവിതവുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾ നൽകുക

പ്രവർത്തനം

- ഐ.സി.റ്റി അധിഷ്ഠിതമായ പഠന പ്രവർത്തനം നടത്തുക

C.L.H.S.S. Tvm-8 PERURKADA

പ്രശ്നം 4

വിവരവിനിമയ സാങ്കേതിക വിദ്യ പരിചയപ്പെടുത്തുന്നതിനുള്ള സാങ്കേതിക പരിശീലനം കുറവ്

കാരണങ്ങൾ

വിഷയാധിഷ്ഠിതമായ ഐ.സി.റ്റി സാധ്യതകൾക്കായ് കൂടുതൽ പ്രയോജനപ്രദമാക്കുന്നതരത്തിലുള്ള പരിശീലനങ്ങൾ ലഭിക്കുന്നില്ല

പരിഹാര നിർദ്ദേശം

ഐ.സി.റ്റി അധിഷ്ഠിതപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്കൂൾ തലത്തിൽ ആസൂത്രണം നടത്തുക. എല്ലാ കുട്ടികൾക്കും ക്ലാസ്സ് റൂമിൽ ലാപ്ടോപ്പ് ലഭ്യമാക്കണം.

പ്രവർത്തനം

ക്ലാസ്സ് സമയത്തിനുള്ളിൽ തീരാവുന്ന പഠനപ്രവർത്തനങ്ങൾ മുൻകൂട്ടി തയ്യാറാക്കുക.

പ്രശ്നം – 5

ശാരീരികവും, മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ.

കാരണം

സുവിശേഷം ശ്രദ്ധയും പഠനസഹായവും പരിരക്ഷയും ആവശ്യമുള്ള കുട്ടികൾ കൂടിവരുന്നു. ഇവർക്കുവേണ്ടി പരിശീലനം ലഭിച്ച അധ്യാപകരുടെ അഭാവം.

പരിഹാര നിർദ്ദേശം

പഠന പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിലുള്ള പഠനാസൂത്രണം.

റിസർവ്വ് അധ്യാപകരുടെ സേവനം.

പ്രവർത്തനം

വിദ്യാലയത്തിൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ പ്രവർത്തനം.

രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കൽ

C.L.H.S.S. Tvm-8 PERURKADA

**പ്രശ്നം 6**

പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തിയിട്ടില്ല.

പ്രാദേശിക വിഭവ ശേഖരണം നടത്തിയിട്ടില്ല.

**കാരണങ്ങൾ**

പ്രാദേശികവിഭവങ്ങൾ പ്രയോജനപ്പെടുത്തുകയോ വിഭവശേഖരണം നടത്തിയിട്ടുമില്ല.

**പരിഹാരനിർദ്ദേശം**

ഓരോ പഠഭാഗവുമായ് ബന്ധപ്പെട്ട പ്രാദേശിക വിഭവങ്ങൾ കണ്ടെത്തി പ്രയോജനപ്പെടുത്തുക.

**പ്രവർത്തനം**

## പ്രാദേശിക വിഭവ ശേഖരണം

## പ്രവർത്തന പദ്ധതി - വിശകലനം

പ്രശ്നം 8 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് പാഠ്യപദ്ധതി നിർദ്ദേസിച്ച ശേഷികൾ ധാരണ, ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല.

## പദ്ധതി സംഗ്രഹം

| 1 | ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| 1 | പ്രീ-ടെസ്റ്റ് | | | | |
| 2 | അടിസ്ഥാനശേഷി വികസന ശില്പശാല | ,, | ,, | 1000 | ,, |
| 3 | ക്ലബ്ബ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | | | | |
| 4 | ക്ലാസ്സ് ലൈബ്രറികളിൽ പുസ്തകസമാഹരണം | ,, | ജൂലൈ | ,, | |
| 5 | വിഷയസമിതികൾ കൃത്യമായി യോഗം ചേരുക | ,, | ജൂലൈ | - | ,, |
| 6 | നിത്യജീവിതവുമായ് ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് ശില്പശാല | ,, | ,, | 2000 | ,, |
| 7 | ലോക്കൽ ടെസ്റ്റ് നിർമ്മാണം | ,, | ,, | 2000 | - |

ശിൽപ്പശാലയിൽ പ്രവർത്തിച്ചത്.

Concordia Lutheran HSS
Peroorkada
C.L.H.S.S. Tvm-5 PERURKADA

# അടിസ്ഥാനഗണിതം

## ആമുഖം

ഗണിത വിദ്യാഭ്യാസത്തിന്റെ പ്രധാനലക്ഷ്യം കുട്ടികളുടെ ഗണിത പഠനശേഷികൾ വികസിപ്പിക്കലാണ്. ഗണിതപഠനം വളരെ എളുപ്പവും പഠനത്തിൽ താൽപര്യമുള്ളവരാക്കാനും കഴിയണം. ഗണിതത്തോടുള്ള കുട്ടികളുടെ ഭയം മാറി. അവർ ആസ്വദിച്ചുപഠിക്കുനന് ഒരു അവസ്ഥ ഉണ്ടാവണം. ഗണിതമെന്നാൽ സൂത്രവാക്യങ്ങൾ മാത്രം പഠിക്കുന്നതല്ല എന്ന തിരിച്ചറിവുണ്ടാകണം. പ്രശ്നങ്ങൾകണ്ടെത്താനും, അവ പരിഹരിക്കാനും ഗണിതം സഹായകമാകണം. ഗണിതം തനിക്ക് വളരെ എളുപ്പം പഠിക്കാൻ കഴിയുമെന്ന വിശ്വസത്തിലെത്തിച്ചേരണംന്ന. ഇതിന് സഹായകമായ പദ്ധതികളും പ്രവർത്തനങ്ങളുമാണ് ഉറപ്പാക്കേണ്ടത്. കുട്ടികളുടെ ആർജ്ജിതമായ അിറവിനേയും ആനയറ പരിസരത്തേയും പരിഗണിച്ചുകൊണ്ട് ഫലപ്രദമായ പഠന പ്രവർത്തനങ്ങൾ ഒരുക്കുന്നതിലൂടെ സ്വാഭാവികമായി കുട്ടികളുടെ അിറവ് നിർമ്മിച്ചെടുക്കാൻ സാദിക്കും. ജ്ഞാനനിർമ്മിതിയധിഷ്ഠിതമായ പഠനരീതിയുള്ള പാഠ്യപദ്ധതി ഈ ലക്ഷ്യത്തിലേക്ക് നമ്മെ അടുപ്പിക്കും.

## ലക്ഷ്യം

### 1. പാഠ്യപദ്ധതി സമീപനം

പ്രവർത്തനാധിഷ്ഠിതവും പ്രക്രിയബന്ധിതവുമായ പഠനം ഉറപ്പാക്കുന്നു. കുട്ടികളുടെ വികസനസാധ്യതകൾ സാക്ഷാൽകരിക്കാൻ സഹായിക്കുന്ന വിധം പ്രവർത്തനങ്ങൾ നൽകിയും, ചോദ്യങ്ങൾ ചോദിക്കാനും, അന്വേഷിക്കാനും പുതിയ ആശയങ്ങൾ കണ്ടെത്താനും ഒക്കെ അവസരം നൽകുന്ന തരത്തിലായിരിക്കണം.

**ഗണിതപ്രശ്നങ്ങൾ**

- VIII, IX, X, XI, XII ക്ലാസ്സ് എന്നിവയിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളെ ശേഷികളും നേടാൻ കഴിയുന്നില്ല.
- കുട്ടികളിലെ അടിസ്ഥാന ആശയങ്ങളിൽ (പ്രൈമറിതലം) ധാരണയില്ല.
- പഠനോപകരണങ്ങൾ, സ്വയം തയ്യാറാക്കുന്നതിൽ ധാരണക്കുറവ്
- ഐ.സി.ടി അധിഷ്ഠിതമായും, പ്രക്രിയഹബന്ധിതമായും പാഠാസൂത്രണം

C.L.H.S.S. Tvm-8 PERURKADA

- പരീക്ഷാധിഷ്ഠിതമായി പാഠപുസ്തകങ്ങളിലെ ആശയങ്ങളെ സമീപിക്കുമ്പോൾ ആശയങ്ങൾ ഉറപ്പിക്കാതെ അടുത്തതിലേക്ക് പോകേണ്ടിവരുന്ന അവസ്ഥ. സ്വാതന്ത്ര്യക്കുറവ്,
- അധ്യാപകർക്ക് മറ്റു പല പ്രവർത്തനങ്ങളും ചെയ്യുന്നത് അധ്യയനത്തെ ബാധിക്കുന്നു. (മേളകളുടെയും, പരിശീലനങ്ങളുടേയും ഉത്തരവാദിത്തങ്ങൾ

പരിഹാര നിർദ്ദേശം

അധ്യാപകർക്ക് ഐ.സി.ടി അധിഷ്ഠിത വിദ്യാഭ്യാസം ആയതുകൊണ്ട് ഐ.സി.ടി പരീശീലനം നൽകി പ്രാപ്തരാക്കുക. ക്ലാസ്മുറികൾ ഹൈടെക് ആക്കുക. മേളകളും കലോത്സവവും ഒഴിവുദിവസത്തേക്ക് മാറ്റുക. ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ശേഖരിക്കുകയും കുട്ടികൾക്ക് ലഭ്യമാകാനുള്ള സംവിധാനവും ചെയ്യുക. ക്ലാസ്സ് പി.റ്റി.എ വിളിച്ച് രക്ഷിതാക്കൾക്ക് കുട്ടികളുടെ പഠനത്തിന്റെ അവസ്ഥ അതത് സമയങ്ങളിൽ ബോധ്യപ്പെടുത്തുകയും പരിഹാരമാർഗ്ഗത്തിലൂടെ നല്ലൊരു അവസ്ഥയിലേക്ക് കുട്ടികളെ നയിക്കുന്നതിനും കഴിയണം. കുട്ടികളെ അിയുന്നതിന് അവരുടെ രക്ഷകർത്താക്കളുമായും അധ്യാപകർ നല്ല ബന്ധം പുലർത്തേണ്ടത് ആവശ്യമാണ്. വീടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്താൻ ആവശ്യം ഉള്ള പദ്ധതികൾ ആവിഷ്കരിക്കുക.

പ്രവർത്തനം

ഗണിതക്ലബ്ബിന്റെ നേതൃത്വത്തിൽ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുക. പഠനോപകരണ ശില്പശാല 1 സംഘടിപ്പിക്കുക. അധ്യാപകർക്ക് പാഠഭാഗവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഐ.സി.ടി അധിഷ്ഠിത പരിശീലനം നടത്തുക്കുക. സമയബന്ധിതമായി ക്ലാസ്സ് വിളിച്ചുചേർത്ത് കുട്ടികളുടെ പണനേട്ടം. പഠനിലവാരം രക്ഷിതാക്കളുമായി പങ്കുവയ്ക്കുക.

പഠനോപകരണശില്പശാല

പാഠ്യവിഷയങ്ങളിലെ ഓരോ യൂണിറ്റിലേക്ക് ആവകൃമായ പഠനോപകരണങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തുകയാണ് ഗണിത വിഷയ സമിതിയുടെ ആദ്യചുമതല വിവിധതരത്തിലുള്ള കുട്ടികളുടെ പഠനത്തിൽ സഹായിക്കുന്ന വൈവിധ്യമാർന്ന രീതിയിലൂടെ, എല്ലാ കുട്ടികളേയും പരിഗണിക്കുന്ന പഠനരീതിയിൽ പഠനഉപകരണങ്ങളുടെ പ്രാധാന്യം വളരെ ഏറെയാണ്.

C.L.H.S.S. X PERUKKADA X Tvm-8

## ക്ലാസ് ലൈബ്രറി-ഗണിതപുസ്തകവായന

എല്ലാ ക്ലാസ്സിലും ഗണിതലൈബ്രറി അനിവാര്യമാണ്. പുസ്തകങ്ങൾ റഫർ ചെയ്യുന്നതിനും, ഗണിതത്തിന്റെ വിശാലമായ ലോകത്തേക്ക് കുട്ടികളെ കൊണ്ടു പോകുന്നതിനും, ഗണിതത്തോടുള്ള ഭയം മാറി ആസ്വദിക്കുന്ന തരത്തിൽ കുട്ടികളെ എത്തിക്കുന്നതിനും, പുസ്തകങ്ങളുടെ ലഭ്യത ഉറപ്പാക്കുകയാണ് ഗണിതവിഷയ സമിതിയുടെ ഉത്തരവാദിത്വം.

## മെട്രിക് മേള

ഗണിതാശയങ്ങൾ, ഗണിതഉല്പന്നങ്ങൾ അധ്യാപകർ തയ്യാറാക്കിയ പഠനോപ കരണങ്ങൾ എന്നിവയുടെ പ്രദർശനവും നടത്തുക. മെട്രിക് അളവുകൾ, തൂക്കങ്ങൾ, ദൂരം എന്നിവ സംബന്ധിച്ച ധാരണ ലഭിക്കാൻ മെട്രിക്മേള സഹായിക്കും. ഗണിത ശില്പശാലകൾ, സെമിനാറുകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ എന്നിവ നടത്തുക. വർഷാവസാനത്തിൽ ഒരു ജനകിയപരിപാടിയായാണ് ഇത് നടക്കുക.

## രക്ഷിതാക്കൾ

എല്ലാ വീടുകളിലും പഠനാന്തരിക്ഷം ഉറപ്പാക്കുന്നില്ല. രക്ഷകർത്താക്കൾ സ്കൂളുമായി വേണ്ടത്ര ബന്ധം സ്ഥാപിക്കുന്നില്ല. ജ്യാമീതീയപ്പെട്ടിയുടെ ആവശ്യകത യെക്കുറിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും ധാരണക്കുറവ്. വീട്ടിൽ നിന്ന് ട്യൂഷന് പോകുന്ന കുട്ടികൾക്ക് (രാവിലെ പോകുന്നവർ) ഭക്ഷണം വേണ്ട രീതിയിൽ കൊടു ക്കാൻ സാധിക്കുന്നില്ല.

## സംവിധാനം

ആശയങ്ങൾ കൃത്യമായ വിനിമയം ചെയ്യാനുള്ള സമയക്കുറവ്. പ്രാദേശിക ആവശ്യങ്ങൾ പരിഗണിച്ച് അധ്യാപക പരിശീലനം ഇല്ല. പ്രവർത്തനങ്ങളുടെ ബാഹു ല്യം അധ്യയനത്തെ ബാധിക്കുന്നു. പാഠ്യ പദ്ധതി വിനിമയവുമായി ബന്ധപ്പെട്ട് ഉചിത മായി ഐ.സി.ടി സാമഗ്രികൾ ഉൾപ്പെടുത്തണം. കുട്ടിയുടെ സർഗശേഷിയും ബുദ്ധി യുടെ ബഹുതലങ്ങളേയും ഉദ്ദീപിപ്പിക്കുന്ന വിധത്തിലുള്ള ഐ.സി.ടി സാധ്യത ഉണ്ടാ കുന്നില്ല. ശബ്ദം കൊണ്ടും കാഴ്ചകൊണ്ടും കാര്യങ്ങൾ കൂടുതൽ അനുഭവവേദ്യമാ ക്കുവാൻ ഐ.സി.ടി പ്രയോജനപ്പെടുത്തുന്ന വിധം നടപ്പിലാക്കണം.

C.L.H.S.S. Tvm-8 PERURKADA

## വിഷയം : ഹിന്ദി

| 1 | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ | 1. പഠനനിലകണ്ടെത്താൻപ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ | ഹിന്ദി അദ്ധ്യാപകൻ | പി.റ്റി.എ/ പൂർവ്വ വിദ്യാർത്ഥി സംഘടന മറ്റ് സന്നദ്ധ സംഘടനകൾ |
| | | 2. പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | ജൂൺ-ജൂലൈ | ഹിന്ദി അദ്ധ്യാപകൻ | |
| | | 3. ഹിന്ദിയിലുള്ള അസംബ്ലി | | | |
| | | 4. ഹിന്ദിയിലുള്ള ഡയറിക്കുറിപ്പ് | ജൂൺ-മാർച്ച് | പ്രിൻസിപ്പൽ, ഹിന്ദി അദ്ധ്യാപകൻ, മറ്റ് അദ്ധ്യാപകൻ | |
| | | 5.ആഴ്ചയിൽ ഒരു ദിവസമെങ്കിലും ക്ലാസിൽ ഹിന്ദിയിൽ മാത്രം കുട്ടികളും അദ്ധ്യാപകരും സംസാരിക്കുക. | ജൂൺ-മാർച്ച് | ഹിന്ദി അദ്ധ്യാപകൻ | |
| | | 6. ഹിന്ദിക്ലാസ്, ലൈബ്രറി, വായന സാമഗ്രികൾ, ലഘുവായന, പുസ്കതം, ഹിന്ദിപത്രം, പകർപ്പുകൾ, മാഗസിനുകൾ | ജൂലൈ-മാർച്ച് | ഹിന്ദി അദ്ധ്യാപകൻ | പി.റ്റി.എ പൂർവ്വ വിദ്യാർത്ഥി സംഘടന, സന്നദ്ധ സംഘടന |
| | | 7. ഹിന്ദി സിനിമാ തീയേറ്റർ | ആഗസ്റ്റ് - ജനുവരി | ഹിന്ദി അദ്ധ്യാപകൻ, ICD ചുമതലയുള്ള അദ്ധ്യാപകൻ | |

C.L.H.S.S. Tvm-5 PERURKADA

| | | | | | |
|---|---|---|---|---|---|
| | | 8. ആഴ്ചയിലൊരിക്കൽ ഹിന്ദിപ്രസംഗം, പദ്യം ചൊല്ലൽ, ഹിന്ദി ലഘു നാടകങ്ങൾ, ഗാനങ്ങൾ, എന്നിവയ്ക്ക് ഒരു സ്റ്റേജ്<br>9. പുതിയ- പുതിയ വാക്കുൾ പരിചയപ്പെടുത്തുന്നതിന് നോട്ടിസ് ബോർഡിൽ (ഹിന്ദി നോട്ടിസ് ബോർഡ്) | ജൂൺ- ഫെബ്രുവരി<br>ജൂൺ- ഫെബ്രുവരി | ഹിന്ദി അദ്ധ്യാപകൻ<br>ഹിന്ദി അദ്ധ്യാപകൻ തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ | |
| 2 | പാഠപുസ്തകത്തിലുള്ള കവികൾക്കും സാഹിത്യകാരന്മാർക്കും പുറമെ കൂടുതൽ പേരെ പരിചയപ്പെടുത്തൽ. | 10. സ്കൂൾ വളപ്പില ഔഷധവൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് അവയ്ക്ക് സാഹിത്യകാരന്മാരുടെയും ആ വൃക്ഷത്തൈകളുടെ ചുമതല കുട്ടികളുടെ ഗ്രൂപ്പിന് നൽകുക. | നവംബർ | ഹിന്ദി അദ്ധ്യാപകൻ കുട്ടികൾ | മറ്റ് സന്നദ്ധ സംഘടനകൾ |
| 3 | വൃക്ഷത്തൈകളുടെ ഹിന്ദിയിലുള്ള പേരുകൾ പരിചയപ്പെടുത്തൽ | 12 ഐ.സി.സി പ്രയോജനപ്പെടുത്തി ദേശഭക്തി ജനിപ്പിക്കുന്ന വീഡിയോകൾ, സിനിമകൾ പ്രദർശിപ്പിക്കുക.<br>14. സഹപ്രവർത്തിത പഠനത്തിലൂടെയും സഹകരണാത്മകമായ അന്തരീക്ഷത്തിലൂടെയും പഠനം കൂടുതൽ ഫലപ്രദമാക്കുക. | ജൂൺ- മാർച്ച്<br>ജൂൺ- മാർച്ച് | ഹിന്ദി അദ്ധ്യാപകൻ ഐ.സി.റ്റി അദ്ധ്യാപകൻ<br>ഹിന്ദി അദ്ധ്യാപകൻ | പി.റ്റി.എ / പൂർവ്വ വിദ്യാർത്ഥി സംഘടന |
| 4 | ഹിന്ദിഭാഷയെ സംബന്ധിച്ച അവലോകനം | 15. വിദഗ്ധരെക്കൊണ്ട് ക്ലാസെടുപ്പിക്കുക.<br>16. സെമിനാറുകൾ സംഘടിപ്പിക്കൽ<br>17. പ്രധാനവിഷയങ്ങളിൽ സംവാദം നടത്തുക. | ഡിസംബർ<br>ജനുവരി<br>സെപ്തംബർ | ഹിന്ദി അദ്ധ്യാപകൻ പ്രിൻസിപ്പൽ | |

C.L.H.S.S. Tvm-8 PERURKADA

| | | | | | |
|---|---|---|---|---|---|
| | | 18. ഹിന്ദിസിനിമാ ഗാനങ്ങൾ ശേഖരിച്ച് അവതരിപ്പിക്കാനുള്ള അവസരം നൽകുക.<br><br>19. ഹിന്ദിഭാഷയും സാഹിത്യവും ഈ വിഷയത്തെ സംബന്ധിക്കുന്ന പ്രദർശനം സംഘടിപ്പിക്കുക. | ഒക്ടോബർ<br><br>നവംബർ | ഹിന്ദി അദ്ധ്യാപകൻ | പി.റ്റി.എ/ പൂർവ്വ വിദ്യാർത്ഥി സംഘടന |

CONCORDIA LUTHERAN HIGHER SECONDARY SCHOOL
Thiruvananthapuram
Date..........
PEROORKADA

DELLA. J. DAS
TEACHER IN CHARGE
Concordia Lutheran H.S.S
Peroorkada